പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1784 04.12.2015 - ൽ മറുപടിയ്ക്ക്

## സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനം

ചോദ്യം — ഉത്തരം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ — ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്കായി കഴിഞ്ഞ വർഷത്തിനുള്ളിൽ ബജറ്റിൽ അനുവദിച്ച തുകയും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകയും സംബന്ധിച്ച് വിശദമാക്കുമോ ; | | |
| (സി) | കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ സുരക്ഷാ മിഷന്റെ കീഴിൽ ഏതൊക്കെ പദ്ധതികൾ പുതുതായി തുടങ്ങിയെന്നും അവയ്ക്ക് ഓരോന്നിനും ബജറ്റിൽ അനുവദിച്ച തുകയും ട്രഷറിയിൽ നിന്നും വാങ്ങി ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ ? | (സി) | 1. 5 വയസ്സുവരെ പ്രായമുള്ള ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന ശ്രുതിതരംഗം പദ്ധതി. |

| ക്രമ നം. | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 2012-13 | 600 ലക്ഷം | 677 ലക്ഷം |
| 2. | 2013-14 | 1000 ലക്ഷം | 1000.02 ലക്ഷം |
| 3. | 2014-15 | 1000 ലക്ഷം | 634.07 ലക്ഷം |
| 4. | 2015-16 | 1000 ലക്ഷം | 269.92 ലക്ഷം (31.10.2015 വരെ) |
| | ആകെ | 3600 ലക്ഷം | 2581.01 ലക്ഷം |

2. മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിലൊരാൾ മരണപ്പെട്ടതോ ആയ കുടുംബങ്ങളിലെ കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ' സ്നേഹപൂർവ്വം ' പദ്ധതി.

| ക്രമ നം. | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 2012-13 | 50 ലക്ഷം | 73.42 ലക്ഷം |
| 2. | 2013-14 | 225 ലക്ഷം | 421.19 ലക്ഷം |
| 3. | 2014-15 | 1700 ലക്ഷം | 902.10 ലക്ഷം |
| 4. | 2015-16 | 1300 ലക്ഷം | 1887.12 ലക്ഷം (31.10.2015 വരെ) |
| | **ആകെ** | **3275 ലക്ഷം** | **3283.83 ലക്ഷം** |

3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിനു പുറമേ ആവശ്യമായ വിഭവം കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സമാഹരിച്ച് സമയബന്ധിതമായി നടപ്പാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് വി-കെയർ

| ക്രമ നം. | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 2014-15 | 100 ലക്ഷം | 26.04 ലക്ഷം |
| 2. | 2015-16 | 100 ലക്ഷം | 6.21 ലക്ഷം (31.10.2015 വരെ) |
| | **ആകെ** | **200 ലക്ഷം** | **32.25 ലക്ഷം** |

4. സംസ്ഥാനത്തെ അംഗപരിമിതരുടെ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്

ഫലപ്രദമായി നടപ്പാക്കുന്നതിന് അംഗപരിമിതരുടെ എണ്ണവും അവരുടെ വിഭാഗം തിരിച്ചുള്ള കണക്കും അംഗപരിമിതിയുടെ തോതും അവരുടെ ജീവിത നിലവാരവും മനസ്സിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് അംഗപരിമിതരുടെ എണ്ണം എടുക്കുന്നതിനും, വൈകല്യത്തിന്റെ വിഭാഗം തിരിച്ചുള്ള കണക്കും, ഇവരുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണത്തിനുമായി വിപുലമായ ഒരു സെൻസസ് കേരള സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കി വരുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 2014-15 | 500 ലക്ഷം | 13.29 ലക്ഷം |
| 2. | 2015-16 | 5 ലക്ഷം | 461.57 ലക്ഷം (31.10.2015 വരെ) |
| | **ആകെ** | **505 ലക്ഷം** | **474.86 ലക്ഷം** |

5. നിരന്തരമായ ഡയാലിസിസിൽ ഏർപ്പെടുന്നവർക്ക് പ്രതിമാസം 1100/- രൂപ നിരക്കിലും വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, അരിവാൾ രോഗം ബാധിച്ചവർ എന്നിവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്ന സമാശ്വാസം പദ്ധതി. ടി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. മിഷൻ പ്രവർത്തനങ്ങൾക്കും പുതിയ പദ്ധതി പ്രവർത്തനങ്ങൾക്കുമായി നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 315 ലക്ഷം രൂപയിൽ നിന്നുമാണ് ടി ചെലവുകൾക്ക് തുക കണ്ടെത്തുന്നത്.

| ക്രമ നം. | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (നോൺ പ്ലാൻ) | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | 2013-14 | 315 | 315 | 92.93 |

| | | | | |
|---|---|---|---|---|
| | | ലക്ഷം | ലക്ഷം | ലക്ഷം |
| 2. | 2014-15 | 315 ലക്ഷം | 315 ലക്ഷം | 564.60 ലക്ഷം |
| 3. | 2015-16 | 315 ലക്ഷം | -- | 402.71 ലക്ഷം (31.10.2015 വരെ) |
| **ആകെ** | | **945 ലക്ഷം** | **630 ലക്ഷം** | **1060.24 ലക്ഷം** |

6. 22 വയസ്സ് പൂർത്തിയായിട്ടും വിവാഹം കഴിയാത്ത നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50,000/- രൂപ നിരക്കിൽ വിവാഹ ധനസഹായമായി അനുവദിക്കുന്ന പ്രത്യാശ പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടത്തി വരുന്നു. പദ്ധതി ആനുകൂല്യം 2049 പേർക്ക് അനുവദിക്കുകയുണ്ടായി. ആകെ 5.12 കോടി രൂപ പദ്ധതി ചെലവുകൾക്കായി വിനിയോഗിക്കുകയുണ്ടായി. ഇതിന് ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.

7. വൈകല്യ മേഖലയിൽ സാമൂഹ്യ നീതി വകുപ്പിലൂടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസബിലിറ്റീസ്. ഈ പദ്ധതിയുടെ കീഴിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിച്ച 9. 10, 11, 12 ക്ലാസുകളിലെ 2,05,000 ഉം 2014-15 വർഷം 8, 9 ക്ലാസുകളിലെ 3,39,692 പെൺകുട്ടികൾക്കു റുബല്ല വാക്സിൻ ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെ നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം 544692 പേർക്ക് ലഭിക്കുകയുണ്ടായി.

മംപ്സ് , മീസൽസ്, റുബല്ല എന്നിവയെ പ്രധിരോതിക്കുന്നതിനായി കേരളത്തിലുടനിളമുള്ള സർക്കാർ ആശുപത്രികളിൽ 2014 ജനവരി മുതൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി MMR വാക്സിനേഷൻ നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം 300000 പേർക്ക് ലഭിക്കുകയുണ്ടായി. ആകെ 2,51,21,460 രൂപ

പദ്ധതി ചെലവുകൾക്കായി വിനിയോഗിക്കുകയുണ്ടായി.

കുഞ്ഞുങ്ങളിലെ കേൾവി വൈകല്യം തടയുന്നതിനായി ജനിച്ചാലുടൻ തന്നെ കേൾവി പരിശോധിക്കുന്നതിനായി Otto Acoustic Emission Screeners കേരളത്തിലെ 40 സർക്കാർ പ്രസവ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് നൽകിയിട്ടുണ്ട്. ഈ ഉപകരണം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി ഒരു JPHN ന്റെ സേവനവും പ്രസ്തുത ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം 111776 പേർക്ക് ലഭിക്കുകയുണ്ടായി.

മലപ്പുറം ജില്ലാപഞ്ചായത്ത് മാനസിക വൈകല്യമുള്ള കുട്ടികളുടെ ഉന്നമനത്തിനായി സർക്കാർ സ്കൂളുകളോട് ചേർന്ന് ഡേ കേയർ സെന്ററുകൾ പ്രതീക്ഷ പദ്ധതി എന്ന പേരിൽ നടത്തിവരുന്നു. ടി സ്കൂളുകളിലേക്ക് കുട്ടികളെ കൊണ്ടുവരുന്നതിനും തിരിച്ച് ഭവനങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനും 10 വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (നോൺ പ്ലാൻ) | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | 2013-14 | 4000 ലക്ഷം | 3741.43 ലക്ഷം | 459.32 ലക്ഷം |
| 2. | 2014-15 | 4000 ലക്ഷം | 2739.93 ലക്ഷം | 2724.93 ലക്ഷം |
| 3. | 2015-16 | 4000 ലക്ഷം | 259.13 ലക്ഷം | 75.97 ലക്ഷം(31.10.2015 വരെ) |
| **ആകെ** | | **12000 ലക്ഷം** | **6740.49 ലക്ഷം** | **3260.22 ലക്ഷം** |

**സെക്ഷൻ ഓഫീസർ**